കേരള വാട്ടർ അതോറിറ്റിയിൽ വാച്ചർ, ഹെൽപ്പർ തുടങ്ങിയവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

70 (4678) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. ഡബ്ല്യൂ. ആന്റ് ഡബ്ല്യൂ. ഡബ്ല്യുഎ ഇ1/7/84 തീയതി 3-7-1984 സർക്കുലർ പ്രകാരം നിയമനം ലഭിച്ച കേരള വാട്ടർ അതോറിറ്റി നാട്ടിക ഡിവിഷനിൽ 18 വർഷമായി മുടക്കമില്ലാതെ പണിയെടുക്കുന്ന വാച്ച്മാൻ/ഹെൽപ്പർ തുടങ്ങിയവരെ സ്ഥിരപ്പെടുത്തുന്ന നടപടി പൂർത്തിയാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി (ഒ.പി.നം. 18628/02) സർക്കാർ എതിർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ ;

(സി) 1985-നുശേഷം ഇപ്രകാരം വിവിധ തസ്തികകളിൽ കെ. ഡബ്ല്യൂ. എ. യിൽ നിയമിതരായവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ;

(സി) എസ്റ്റാബ്ലിഷ്മെന്റ് ശമ്പള സ്കെയിലിൽ നിയമിതരായ ഇവരുടെ ആനുകൂല്യങ്ങൾ റദ്ദുചെയ്യുന്നതും തിരിച്ച് പിടിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ ;

ഉത്തരം

(എ) ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം സർക്കാർ തേടിയിരിക്കുകയാണ്.

(ബി) ഒ. പി. നം. 18628/02-ൽ എതിർ സത്യവാങ്മൂലം സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇപ്രകാരമുള്ള നിയമനങ്ങൾ കേരള വാട്ടർ അതോറിറ്റി തുടർന്ന് നടത്തിയിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വികലാംഗനായ മുജീബിന് നിയമനം നൽകുന്നതിന് നടപടി

71 (4679) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗരെ സർക്കാർ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള ഗവൺമെന്റ് ഉത്തരവ് വാട്ടർ അതോറിറ്റിയിൽ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) തൃശ്ശൂർ ജില്ലയിലെ കേരളാ വാട്ടർ അതോറിറ്റിയിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് നിയമിക്കുന്നതിന് വികലാംഗരിൽ നിന്ന് ജില്ലാ കളക്ടർ 2003 മാർച്ച് 4-ന് ഇന്റർവ്യൂ നടത്തി തെരഞ്ഞെടുത്തിട്ടുള്ളവർക്ക് നിയമനം നൽകുന്നതിന് തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly